കേന്ദ്രസർക്കാരിന്റെ പങ്കാളിത്തത്തോടെ ഗ്രാമീണ വൈദ്യുതീകരണപദ്ധതികൾ

21 (6472) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് ഏതെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ ; എങ്കിൽ പ്രസ്തുതപദ്ധതി ഏതെന്ന് വ്യക്തമാക്കുമോ ;

(ബി) ഗ്രാമീണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരമേറ്റതിനുശേഷം പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) രാജ്യത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളും വൈദ്യുതീകരിക്കുക എന്ന ലക്ഷ്യത്തോടുകൂടി 2005-ൽ കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച് പദ്ധതിയാണ് രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതികരൺ പദ്ധതി. ഈ പദ്ധതി കേരളത്തിൽ ആദ്യമായി ഇടുക്കി ജില്ലയിൽ 2007-2010 കാലയളവിൽ നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് 13 ജില്ലകളിലും ഈ പദ്ധതി പൂർത്തീകരിച്ചുവരികയാണ്.

ഗ്രാമീണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് ആർ.ജി.ജി.വൈ.-ഡി.ഡി.ജി. (ഡീസെൻട്രലൈസ്ഡ് ഡിസ്ട്രിബ്യൂട്ടഡ് ജനറേഷൻ) പദ്ധതി നടപ്പിലാക്കുന്നുണ്ട്.

(ബി) 10-3-2010-ൽ അംഗീകാരം ലഭിച്ച കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലെ ആർ.ജി.ജി.വി.വൈ. പദ്ധതികളും 19-12-2011-ലും 14-2-2012-ലും അംഗീകാരം ലഭിച്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശൂർ എന്നീ ജില്ലകളിലെ ആർ.ജി.ജി.വി.വൈ. പദ്ധതികളുമാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്.

12-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി ആർ.ജി.ജി.വി.വൈ. പദ്ധതി ഇടുക്കി ജില്ലയിൽ 2-ാം ഘട്ടമായി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ഡിപി.ആർ. 27-3-2014-ൽ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ സമർപ്പിച്ചിട്ടുണ്ട്.

രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന (ഡീ സെൻട്രലൈസ്ഡ് ഡിസ്ട്രിബ്യൂട്ടഡ് ജനറേഷൻ ഡി.ഡി.ജി.)

ഈ പദ്ധതിപ്രകാരം പാലക്കാട് ജില്ലയിൽ വൈദ്യുതി എത്തിക്കാൻ പറ്റാത്ത അട്ടപ്പാടി, കൊല്ലങ്കോട്, മലമ്പുഴ, നെന്മാറ എന്നീ 4 ബ്ലോക്കുകളിൽപ്പെട്ട 15 ഉൾഗ്രാമങ്ങളിൽ സൗരോർജ്ജപ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതീകരണത്തിനായി 531.83 ലക്ഷം രൂപയ്ക്കുള്ള അനുമതി റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ നൽകിയിട്ടുണ്ട്. ഈ 531.83 ലക്ഷം രൂപയിൽ 478.65 ലക്ഷം കമ്പോണന്റുകൾ സബ്സിഡിയായും 53.18 ലക്ഷംരൂപ പ്രോജക്ട് അസിസ്റ്റൻസുമാണ്. ഈ പദ്ധതിപ്രകാരം 731 ഭവനങ്ങൾക്ക് വൈദ്യുതി നൽകാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ പ്രവൃത്തി ചെയ്യുവാനുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly